# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 573 30.06.2016-ൽ മറുപടിക്ക്

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ : | | ശ്രീ.മാത്യു ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ. | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിട്ടി മുഖേന പരിപാലിക്കപ്പെടുന്നതും, മറ്റ് വകുപ്പുകളുടെ നിർദ്ദേശ പ്രകാരം കേരള വാട്ടർ അതോറിട്ടി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നതും, നടപ്പിലാക്കാനിരിക്കുന്നതുമായ വിവിധ കുടിവെള്ള പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും വിശദമായ വിവരം വ്യക്തമാക്കാമോ; | എ. | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിട്ടി മുഖേന പരിപാലിക്കപ്പെടുന്ന പദ്ധതികൾ താഴെ ചേർക്കുന്നു.<br>കോമത്തുകര ശുദ്ധജല വിതരണ പദ്ധതി (1, 2 & 3)<br>കൊയിലാണ്ടി ശുദ്ധജല വിതരണ പദ്ധതി<br>വരകുന്ന് ശുദ്ധജല വിതരണ പദ്ധതി<br>കക്രാട്ട് കുന്ന് ശുദ്ധജല വിതരണ പദ്ധതി<br>കൊല്ലം ശുദ്ധജല വിതരണ പദ്ധതി<br>മൂഴിക്കൽ മീത്തൽ ശുദ്ധജല വിതരണ പദ്ധതി (1& 2)<br>കോട്ടക്കുന്ന് ശുദ്ധജല വിതരണ പദ്ധതി<br>കോട്ടത്തുരുത്തി ശുദ്ധജല വിതരണ പദ്ധതി<br>പയ്യോളി ശുദ്ധജല വിതരണ പദ്ധതി (1& 2)<br>ഇരിങ്ങൾമുരാട് ശുദ്ധജല വിതരണ പദ്ധതി (പമ്പ് ഹൗസ് ഇല്ല)<br>പുതേരിപ്പാറ ശുദ്ധജല വിതരണ പദ്ധതി<br>മൊയിലൂർകുന്ന് ശുദ്ധജല വിതരണ പദ്ധതി<br>വീരവഞ്ചേരി ശുദ്ധജല വിതരണ പദ്ധതി<br>തിക്കോടി ശുദ്ധജല വിതരണ പദ്ധതി<br>കിടഞ്ഞിക്കുന്ന് ശുദ്ധജല വിതരണ പദ്ധതി<br>മറ്റു വകുപ്പുകളുടെ നിർദ്ദേശ പ്രകാരം കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാനിരിക്കുന്നതുമായ പദ്ധതികൾ താഴെ ചേർക്കുന്നു.<br>**ഡെപ്പോസിറ്റ് വർക്ക്**<br>**നടപ്പിലാക്കാനിരിക്കുന്ന പദ്ധതികൾ**<br>കൊയിലാണ്ടി മുൻസിപ്പാലിറ്റിയിലെ ചുണ്ടയിൽ കുടിവെള്ള പദ്ധതി - 29.50 ലക്ഷം രൂപ |

നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. മൂടാടി പഞ്ചായത്തിലെ കാനത്തിൽ താഴെ കുടിവെള്ള പദ്ധതി - 14.40 ലക്ഷം രൂപ
2. കൊയിലാണ്ടി മുൻസിപ്പാലിറ്റിയിലെ പഴങ്കാവിൽ കോളനി കുടിവെള്ള പദ്ധതി - 33.10 ലക്ഷം രൂപ.

കെ. എസ്.സി.എ.ഡി.സി വർക്ക്

1. കെ. എസ്.സി.എ.ഡി.സി - കൊയിലാണ്ടി ഫിഷിങ് വില്ലേജ്, കൊയിലാണ്ടി മുൻസിപ്പാലിറ്റി - 120 ലക്ഷം രൂപ

ഒരു കിണറും, ടാങ്കും നിർമ്മാണം ഒഴികെയുള്ള അനുബന്ധ പ്രവൃത്തികൾ മുഴുവൻ പൂർത്തിയാക്കുകയും അറുപത് പൊതുടാപ്പുകളിലൂടെ ജലവിതരണം നടത്തുന്നുമുണ്ട്.

2. കെ.എസ്.സി.എ.ഡി.സി പയ്യോളി - 86 ലക്ഷം രൂപ

പൈപ്പ് ലൈൻ പണി പൂർത്തയായിട്ടില്ലാത്തതിനാൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ബി. ഈ പദ്ധതികളിൽ പ്രവർത്തനക്ഷമമല്ലാത്തതായി മാറിയ പദ്ധതികൾ ഏതെല്ലാം ; ഇത്തരത്തിലുള്ള പദ്ധതികളെ പ്രവർത്തനയോഗ്യമാക്കാൻ കേരള വാട്ടർ അതോറിട്ടി തനതായും മറ്റ് വകുപ്പുകളുമായി ചേർന്നും എന്ത് നടപടികൾ ഉടനെ സ്വീകരിക്കും എന്നത് വ്യക്തമാക്കാമോ;

ബി. പ്രവർത്തനക്ഷമമല്ലാതായ പദ്ധതികൾ താഴെ ചേർക്കുന്നു.

1. കൊയിലാണ്ടി ശുദ്ധജല വിതരണ പദ്ധതി

പുതുതായി ഒരു മോട്ടോർ സ്ഥാപിച്ച് ഒ.എച്ച് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള വിതരണം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2.ഇരിങ്ങൽ - മൂരാട് ശുദ്ധജല വിതരണ പദ്ധതി

പുതുതായി അഞ്ചാം വാർഡിൽ ഒരു കിണർ നിർമ്മിച്ച് നിലവിലുള്ള 10,000 ലിറ്ററിന്റെ ടാങ്കിലേയ്ക്ക് പമ്പ് ചെയ്ത് നിലവിലുള്ള വിതരണ ശൃംഖല വഴി ജലവിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| സി. | കൊയിലാണ്ടി നഗരത്തിൽ ചിറ്റാരികടവ് റെഗുലേറ്റർ കം ബ്രിഡ്ജ് കമ്മീഷൻ ചെയ്യുന്നതോടെ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ച് കേരള വാട്ടർ അതോറിട്ടി മുൻ സർക്കാരിന്റെ കാലയളവിൽ സമർപ്പിച്ച പ്രോജക്ടിന്റെ വിശദാംശം ലഭ്യമാക്കാമോ ; ഈ പ്രോജക്ടിന്റെ സമ്പൂർണ്ണ പകർപ്പ് ലഭ്യമാക്കാമോ; സർക്കാരിന് സമർപ്പിച്ച ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് അന്നത്തെ സർക്കാർ നടപടി സ്വീകരിച്ചിരുന്നുവോ; ഈ പദ്ധതി ഇപ്പോൾ പരിഗണിച്ച് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ? | സി. | എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കുമാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ